LBRD-C2/4/2024-LBRD

"ഭരണഭാഷ- മാതൃഭാഷ"

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
18 JUL 2024
തൊഴിൽ ഭവൻ, വികാസ് ഭവൻ തിരുവനന്തപുരം

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) നിയമന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലേക്ക് നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (NAC) യോഗ്യത കൂടി മതിയായ യോഗ്യതയായി പരിഗണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.768/2024/LBR    തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:-

1. ശ്രീ.അൻസൽ.കെ.എ യും മറ്റുള്ളവരും ചേർന്ന് ബഹു മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം
2. ഡി.ജി.റ്റി യുടെ 19/03/2004 ലെ DGET-29(1)/97-AP നമ്പർ കത്ത്
3. ട്രെയിനിംഗ് ഡയറക്ടറുടെ 14/02/2024 ലെ DT/352/2024-F1 നമ്പർ കത്ത്

**ഉത്തരവ്**

ഐ.ടി.ഐ ട്രേഡ് പഠിക്കാതെ നാഷണൽ അപ്രന്റിഷിപ്പ് സർട്ടിഫിക്കറ്റ് (NAC) കരസ്ഥമാക്കിയ ട്രെയിനികൾക്ക് ഐ.ടി.ഐ ട്രെയിനിംഗ് കഴിഞ്ഞ് ലഭിക്കുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) മായി തത്തുല്യ പരിഗണന നൽകണമെന്ന് പരാമർശം 1 പ്രകാരം ശ്രീ.അൻസൽ.കെ.എ സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിരുന്നു.

2) ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്-ന്റെ പരാമർശം 2 ലെ കത്ത് പ്രകാരം നാഷണൽ അപ്രന്റിഷിപ്പ് സർട്ടിഫിക്കറ്റ് (NAC), നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) നെക്കാൾ ഗ്രേഡ് കൂടുതൽ ആണെന്നും, നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്ക് അപേക്ഷിക്കാൻ കഴിയുന്ന തസ്തികകളിലേയ്ക്ക് പരിഗണിക്കാം എന്ന് അറിയിച്ചിട്ടുള്ളതായും പരാമർശം 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) നിയമന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലേക്ക് നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (NAC) യോഗ്യത കൂടി മതിയായ യോഗ്യതയായി പരിഗണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

F

3
18/7/24

18/7/24

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ.ചന്ദ്ര

അഡിഷണൽ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 18-07-2024 11:47:40
സെക്ഷൻ ഓഫീസർ

പകർപ്പ് - 1) ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

2) ശ്രീ.അൻസൽ.കെ.എ, കട്ടൂരപറമ്പിൽ, വട്ടേക്കുന്നം, നോർത്ത്
ഇടപ്പള്ളി പി.ഒ, കൊച്ചി - 682024